# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1256 — 11.02.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡുകൾ എന്ന് മുതലാണ് വിതരണം ചെയ്യുന്നത്; കാർഡുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഒരു റേഷൻ കാർഡിന് ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ? | (എ) മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയും. റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി സി-ഡിറ്റിനെയാണ് നിയോഗിച്ചിട്ടുള്ളത്. റേഷൻ കാർഡിന്റെ ഇന്നർ ഷീറ്റുകൾ അച്ചടിച്ചു നൽകുന്നത് കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ്-ആണ്. സി-ഡിറ്റ്, കുടുംബശ്രീ, അക്ഷയ എന്നീ ഏജൻസികളാണ് ഡേറ്റാ എൻട്രി നടത്തിയിട്ടുള്ളത്. ഒരു റേഷൻ കാർഡ് അച്ചടിക്കുന്നതിന് ഏകദേശം 80/- രൂപ ചെലവ് വരും. ഗുണഭോക്താവിൽ നിന്ന് എത്ര തുക ഈടാക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡ് പുതിയ കാർഡ് ലഭിക്കുന്നതുവരെ ഗുണഭോക്താവിന് ഉപയോഗിക്കാം. ഇതിൽ എല്ലാ ആനുകൂല്യവും ലഭിക്കും. |

Thulasi

സെക്ഷൻ ഓഫീസർ